## നികുതിയടച്ച് തീർപ്പാക്കിയ കേസിൽ കണക്കിൽ മറച്ചുവച്ച വിറ്റുവരവ് കണ്ടെത്തിയാൽ നികുതി നിർണ്ണയം നടത്താം

### കേരള ഹൈക്കോടതി

O.T. Rev. No. 3/2016 Dt. 3.6.2020

മൂസ കെ. x സ്റ്റേറ്റ് ഓഫ് കേരള

ഇലക്ട്രോണിക് സാധനങ്ങളും അനുബന്ധ സാമഗ്രികളും വില്ക്കുന്ന സ്ഥാപനമാണ് നികുതിദായകൻ നടത്തുന്നത്. അയാളുടെ സ്ഥാപനത്തിൽത്തന്നെ മറ്റൊരാൾ അലുമിനിയം ചട്ടക്കൂടുകൽ ഉണ്ടാക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുണ്ട്. എങ്കിലും ആദ്യത്തെയാൾ മാത്രം വിറ്റുവരവ് നികുതി അടച്ചു. പിന്നീട് ഇന്റലിജൻസ് ഉദ്യോഗസ്ഥൻ ആ സ്ഥാപനത്തിൽ പരിശോധന നടത്തിയപ്പോൾ കണക്കിൽ കാണിക്കാത്ത അമ്പത് ലക്ഷത്തോളം രൂപയുടെ വിറ്റുവരവ് കണ്ടുപിടിക്കുകയും നാലര ലക്ഷം രൂപ നികുതിയടയ്ക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ രണ്ട് വർഷത്തിനു ശേഷമാണ് നികുതി നിർണ്ണയോദ്യോഗസ്ഥനെ സമീപിച്ച് തവണകളായി നികുതിയടയ്ക്കാനുള്ള സാവകാശം ആവശ്യപ്പെട്ടത്. അത് അനുവദിച്ചതിനു ശേഷം നികുതിദായകന്റെ നികുതി നിർണ്ണയം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു എന്ന അറിയിപ്പ് നികുതി നിർണ്ണയോദ്യോഗസ്ഥൻ അയാൾക്ക് നല്കി. തുടർന്ന്, നികുതി നിർണ്ണയം നടത്തിയ ഉദ്യോഗസ്ഥൻ ഒമ്പത് ലക്ഷത്തോളം രൂപ നികുതിയടയ്ക്കണമെന്ന് നികുതിദായകനോട് നിർദ്ദേശിച്ചു. ഇതിനെതിരെ അയാൾ അസിസ്റ്റന്റ് കമ്മീഷണർ മുമ്പാകെ അപ്പീൽ സമർപ്പിച്ചെങ്കിലും അത് തള്ളപ്പെടുകയാണുണ്ടായത്. തുടർന്ന് അയാൾ അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിച്ചെങ്കിലും വിധി അനുകൂലമല്ലായിരുന്നു. അതിനുശേഷം അയാൾ ഹൈക്കോടതിയിൽ പുനരവലോകന ഹർജി സമർപ്പിച്ചു. ഒരിക്കൽ കോമ്പൗണ്ടിങ് നടപടിയിലൂടെ തീർപ്പാക്കിയതിനു ശേഷം വീണ്ടും നികുതി നിർണ്ണയം നടത്താൻ ഉദ്യോഗസ്ഥർക്ക് അധികാരമില്ലെന്ന് ഹർജിക്കാരൻ വാദിച്ചത് ഹൈക്കോടതി അംഗീകരിച്ചില്ല. നികുതി കോമ്പൗണ്ട് ചെയ്തതിനു ശേഷം വീണ്ടും നികുതി നിർണ്ണയം നടത്തുന്നത് നിയമവിരുദ്ധമാണെന്നതിൽ സംശയമില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. എന്നാൽ ഏത് വിധത്തിൽ തീർപ്പാക്കിയതായാലും പിന്നീട് കണക്കിൽപ്പെടുത്താത്ത വിറ്റുവരവ് കണ്ടുപിടിച്ചാൽ നികുതി നിർണ്ണയം നടത്തുന്നത് നിയമാനുസൃതമാണെന്ന് വിലയിരുത്തിയ ഹൈക്കോടതി അപ്പീൽ അധികാരികളുടെയും ഇന്റലിജൻസ് ഉദ്യോഗസ്ഥന്റെയും ഉത്തരവുകൾ ശരിവയ്ക്കുകയും നികുതിദായകന്റെ പുനരവലോകന ഹർജി തള്ളിക്കളയുകയും ചെയ്തു.